<u>രജിസ്റ്റേർഡ്</u>

ഡി3-7933/2016/ഡി.ഐ.എം.എസ്.

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം-14
തീയതി- 11-10-2017.

## <u>കാരണംകാണിക്കൽ നോട്ടീസ്.</u>

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- അച്ചടക്ക നടപടി വിഭാഗം-അച്ചടക്ക ലംഘനം,കൃത്യവിലോപം, പെരുമാറ്റ ദൂഷ്യം എന്നീ കുറ്റങ്ങൾക്ക് മുളംകുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ സീനിയർ ക്ലർക്ക് ശ്രീ.പി.വി. പ്രദീപിനെതിരായ അടച്ചടക്ക നടപടി- ശിക്ഷാനടപടികൾ സ്വീകരിക്കാനുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത്- സംബന്ധിച്ച്.

സൂചന-
1) മദ്ധ്യ മേഖല ആർ.ഡി.ഡി യുടെ 23-6-2016 ലെ ജി2-3176/2016/ ആർ.ഡി.ഡി നമ്പർ കത്തും അന്വേഷണ റിപ്പോർട്ടും.
2) ഡി3- 7933/16/ഡി.ഐ.എം.എശ്. തീയതി 3-8-2016.
3) 25-08-2016 ലെ ഡി3-7933/16/ഡി.ഐ.എം.എസ് നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4) ശ്രീ.പി.വി.പ്രദീപ് 31-01-2016 ൽ ആശുപത്രി സൂപ്രണ്ട് മുഖാന്തിരം സമർപ്പിച്ച മറുപടി.
5) സി1-4299/17/ഡി.ഐ.എം.എസ് തീയതി 13-3-2017.
6) ശ്രീ.പി.വി.പ്രദീപ് ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 1085/16-ാം നമ്പർ പരാതിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20-03-2017 ലെ ഉത്തരവ്.
7) ഡി3- 7933/16/ഡി.ഐ.എം.എസ് തീയതി 14-7-2017.
8) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്.

---

മുളംകുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന പ്രദീപ് .പി.വി എന്ന താങ്കൾക്കെതിരെ ആശുപത്രി സൂപ്രണ്ട് മുഖാന്തിരം സമർപ്പിക്കപ്പെട്ട പരാതിയിൽ മദ്ധ്യ മേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയിട്ടുള്ളതും സൂചന 1 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. മുൻപ് പല തവണ അച്ചടക്ക നടപടികൾ നേരിടുകയും ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ശിക്ഷാ നടപടികൾ ഏറ്റുവാങ്ങുകയും ചെയ്തിട്ടും വീണ്ടും അച്ചടക്ക ലംഘനവും , കൃത്യവിലോപവും, പെരുമാറ്റ ദൂഷ്യവും പതിവാക്കിയിരിക്കുന്ന താങ്കൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ടി റ്പ്പാർട്ട് ശുപാർശ ചെയ്തിരുന്നു. ടി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ താങ്കളെ സൂചന 2 ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവായിരുന്നു. അതിനുശേഷം സൂചന

3 പ്രകാരം താങ്കൾക്ക് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുണ്ടായി എന്നാൽ താങ്കളുടെ മറുപടി തൃപ്തികരമല്ലാതിരുന്ന സാഹചര്യത്തിൽ താങ്കൾക്കെതിരെ 1960 ലെ കെ.സി.എസ് & (സി.സി.എ) റൂൾ 15 പ്രകാരം ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് സൂചന 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി കുറ്റപത്രത്തിൽ താങ്കൾക്കെതിരെ ഉന്നയിക്കപ്പെട്ടിരുന്ന 4 കുറ്റകൃത്യങ്ങളും ജോയിന്റ് ഡയറക്ടറുടെ അന്വേഷണത്തിൽ തെളിയിക്കപ്പെടുകയും അച്ചടക്ക നടപടികൾ ശുപാർശ ചെയ്യുകയും ചെയ്തിരിക്കുന്നു.

ടി 4 കുറ്റങ്ങളും തെളിയിക്കപ്പെട്ട സാഹചര്യത്തിലും നിരന്തരം നടപടികൾക്ക് വിധേയനാകുകയും കുറ്റങ്ങൾ ആവർത്തിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലും 1960 ലെ കെ.സി.എസ് & (സി.സി.എ), ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ എന്നിവ പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. എന്നാൽ മാനിഷിക പരിഗണനയുടെ വെളിച്ചത്തിൽ ഒരിക്കൽ കൂടി അവസരം നൽകുന്നതിന്റെ ഭാഗമായി സർവ്വീസിൽ നിലനിർത്തി 3 വർഷത്തേക്ക് പ്രൊമോഷൻ തടഞ്ഞുകൊണ്ടുള്ള ശിക്ഷാവിധി നടപ്പാക്കാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകമോ, ഈ നോട്ടീസ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിവരം പ്രധാന പത്രങ്ങളിൽ പരസ്യപ്പെടുത്തിയ ശേഷം 15 ദിവസത്തിനകമോ രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ ടി താൽക്കാലിക തീരുമാനം സ്ഥിതീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. അജിത നായർ. ആർ
ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്.

1.
സ്വീകർത്താവ്

ശ്രീ.പി.വി. പ്രദീപ്,
സീനിയർ ക്ലർക്ക് (സസ്പെൻഷനിൽ)
ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി,
മുളംകുന്നത്തുകാവ്
(സൂപ്രണ്ട് മുഖാന്തിരം)

[ശ്രീ.പി.വി.പ്രദീപ്
സ്റ്റാഫ് ക്വാർട്ടേഴ്സ് നം.ബി.13,
ഇ.എസ്.ഐ കോർപ്പറേഷൻ
ക്വാർട്ടേഴ്സ്, കുട്ടനെല്ലൂർ.പി.ഒ
തൃശ്ശൂർ-680 014 ]

പകർപ്പ്-1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണ മേഖല, കൊല്ലം.
2) സൂപ്രണ്ട്, ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി, മുളംകുന്നത്തുകാവ്.
3) ഇ-ഗവേണൻസ് സെക്ഷൻ.
4) ഫയൽ / സ്റ്റോക്ക് ഫയൽ.